പതിമൂന്നാം കേരള നിയമസഭ

പന്ത്രണ്ടാം സമ്മേളനം

നക്ഷത്രചിഹ്നമിട്ട നിയമസഭാ ചോദ്യം നം. *150

05.12.2014-ൽ മറുപടിക്ക്

## തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളിലെ പദ്ധതിച്ചെലവ്

| ചോദ്യം | ഉത്തരം |
|---|---|
| ശ്രീ.ജെയിംസ് മാത്യൂ<br>ശ്രീ.എ.കെ.ബാലൻ<br>ഡോ.ടി.എം.തോമസ് ഐസക്<br>ശ്രീ.ആർ.രാജേഷ് | ഡോ.എം.കെ.മുനീർ<br>(പഞ്ചായത്തും സാമൂഹ്യനീതിയും വകുപ്പ് മന്ത്രി |
| എ) തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളിലെ നടപ്പ സാമ്പത്തിക വർഷത്തെ പദ്ധതിച്ചെലവ് സംബന്ധിച്ച് ഏറ്റവും അവസാനം അവലോകനം നടത്തിയത് എന്നായിരുന്നു ; അവലോകനത്തെ തുടർന്ന് ലഭ്യമായ പ്രധാന വിവരങ്ങൾ എന്തെല്ലാമാണ് ; വിശദമാക്കാമോ ; | എ) 26.11.2014-ൽ "വികേന്ദ്രീകൃതാസൂത്രണ സംസ്ഥാനതല കോ-ഓർഡിനേഷൻ സമിതി" അവലോകനം നടത്തിയപ്പോൾ സംസ്ഥാനത്തെ എല്ലാ തദ്ദേശഭരണ സ്ഥാപനങ്ങളുടെയും 2014-15 സാമ്പത്തിക വർഷത്തെ ആകെ ചെലവ് 1381.97 കോടി രൂപയാണ് എന്നു കണ്ടു. കോ-ഓർഡിനേഷൻ കമ്മിറ്റിയുടെ ഈ യോഗത്തിൽ റിപ്പോർട്ട് ചെയ്ത പ്രകാരം ഗ്രാമ പഞ്ചായത്തുകൾ 802.97 കോടി രൂപയാണ് ചെലവഴിച്ചത്. ബ്ലോക്ക് പഞ്ചായത്തുകൾ 176.53 കോടി രൂപയും ജില്ലാ പഞ്ചായത്തുകൾ 228.36 കോടിരൂപയും മുനിസിപ്പാലിറ്റികൾ 121.58 കോടി രൂപയും കോർപ്പറേഷനുകൾ 52 കോടി രൂപയും ചെലവഴിച്ചു. |
| ബി) പദ്ധതിച്ചെലവ് തൃപ്തികരമാണോ ; ഇല്ലെങ്കിൽ അതിനുള്ള കാരണങ്ങൾ വിലയിരുത്തിയിട്ടുണ്ടോ ; | ബി) വാർഷിക പാദ കാലയളവുകളിലെ പദ്ധതിച്ചെലവ് തൃപ്തികരമല്ല. പാദകാലയളവുകളിലെ വിനിയോഗ ലക്ഷ്യം നേടാനായിട്ടില്ല. മരാമത്ത് |

പണികളുടെ ഇ-ടെൻഡറിങ്ങിലുള്ള സാങ്കേതിക പ്രശ്നങ്ങൾ, ഭരണ നിർവ്വഹണ പ്രശ്നങ്ങൾ തുടങ്ങി ഒട്ടേറെ കാരണങ്ങൾ കണ്ടെത്തിയിട്ടുണ്ട്. പശ്ചാത്തല മേഖലയിലെ നിർമ്മാണ പ്രവർത്തനങ്ങൾ ഉദ്ദേശിച്ച രീതിയിൽ മുന്നോട്ട് പോകാതിരുന്നതും ഗുണഭോക്തൃ തെരഞ്ഞെടുപ്പ് പൂർത്തീകരിക്കുന്നതിൽ വന്ന കാലതാമസവുമാണ് പ്രധാന കാരണമെന്ന് കാണുന്നു. മുൻവർഷങ്ങളെ അപേക്ഷിച്ച് താരതമ്യേന കൂടുതൽ ദിവസങ്ങളിൽ മഴ ഉണ്ടായി എന്നതും കാരണമാണ്. വരുന്ന മാസങ്ങളിൽ പ്രവർത്തനങ്ങൾ പുരോഗതി പ്രാപിക്കുമെന്നും വർഷാവസാനത്തോടുകൂടെ ലക്ഷ്യത്തി ലെത്തുമെന്നും കരുതുന്നു.

സി) പദ്ധതി പുരോഗതി വിലയിരുത്തുന്നതിനും മേൽനോട്ടം വഹിക്കുന്നതിനും തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളുടെ അദ്ധ്യക്ഷന്മാരുടെ ജില്ലാതല യോഗങ്ങൾ വിളിച്ചു ചേർത്തിരുന്നുവോ ; വിശദാംശങ്ങൾ നൽകാമോ ;

സി) ഇല്ല. എന്നാൽ വകുപ്പ് ഉദ്യോഗസ്ഥരുടെ വിവിധ തലങ്ങളിലുള്ള യോഗങ്ങൾ ചേർന്ന് അവലോകനം നടത്തിവരുന്നു. നഗരകാര്യ വകുപ്പിൽ മേഖലാതല യോഗങ്ങൾ 2014 മേയ് മാസത്തിലും, നവംബർ മാസത്തിലും നടത്തുകയുണ്ടായി. കൂടാതെ എല്ലാ മാസങ്ങളിലും നഗരകാര്യ വകുപ്പിലെ മേഖലാ ജോയിന്റ് ഡയറക്ടർമാർ, ഉത്തര, മദ്ധ്യ, ദക്ഷിണ മേഖലകളിലെ നഗരസഭകളിൽ പ്രവർത്തനങ്ങൾ വിശദമായി അവലോകനം നടത്തുന്നുണ്ട്.

ഗ്രാമപഞ്ചായത്ത് സെക്രട്ടറിമാരുടെ പ്രതിമാസ അവലോകന യോഗം പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടർമാർ നടത്തി വരുന്നതും, പഞ്ചായത്ത് ഡയറക്ടറുടെ അദ്ധ്യക്ഷതയിൽ ജില്ലാ തലത്തിൽ റിവ്യൂ നടന്നു വരുന്നതുമാണ്.

ബ്ലോക്ക് പഞ്ചായത്തുകളുടെ പദ്ധതി ചെലവ് സംബന്ധിച്ച് എല്ലാ മാസത്തിലും ബ്ലോക്ക് പഞ്ചായത്തുതലത്തിലും ജില്ലാ തലത്തിലും അവലോകനം നടത്താറുണ്ട്. കൂടാതെ സംസ്ഥാനതലത്തിൽ ഗ്രാമ വികസന കമ്മിഷണറേറ്റ് തലത്തിൽ പദ്ധതി ചെലവിനെ സംബന്ധിച്ച് അവലോകനം നടത്തി വരുന്നു.

ഗ്രാമവികസന കമ്മീഷണറുടെ നേതൃത്വത്തിൽ ഈ സാമ്പത്തിക വർഷത്തിൽ വിവിധ ജില്ലകളിൽ ബ്ലോക്ക് പഞ്ചായത്ത് പ്രസിഡന്റുമാരെ കൂടി പങ്കെടുപ്പിച്ചുകൊണ്ട് അവലോകനയോഗം വിളിച്ചുചേർത്തിരുന്നു. വയനാട്, ഇടുക്കി, എറണാകുളം എന്നീ ജില്ലകളിൽ ഒഴികെ 11 ജില്ലകളിലും ഇത്തരത്തിൽ ജില്ലാതല അവലോകന യോഗങ്ങൾ ഗ്രാമവികസന കമ്മീഷണറുടെ നേതൃത്വത്തിൽ നടത്തിയിട്ടുണ്ട്.

| | |
|---|---|
| ഡി) നടപ്പ് സാമ്പത്തിക വർഷം തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളുടെ പദ്ധതി അടങ്കൽ എത്രയാണ് ; അതിൽ നാളിതുവരെ എന്തു തുക ചെലവഴിച്ചിട്ടുണ്ടെന്ന കണക്ക് ലഭ്യമാണോ ? | ഡി) നടപ്പ് സാമ്പത്തിക വർഷം 4700 കോടി രൂപയാണ് സംസ്ഥാന ബഡ്ജറ്റ് വിഹിതമായി നൽകുന്നത്. 26.11.2014-ൽ വികേന്ദ്രീകൃതാസൂത്രണ സംസ്ഥാനതല കോ-ഓർഡിനേഷൻ സമിതി യോഗത്തിൽ റിപ്പോർട്ട് ചെയ്ത പ്രകാരം ഗ്രാമ പഞ്ചായത്തുകൾ 802.97 കോടി രൂപയാണ് ചെലവഴിച്ചത്. ബ്ലോക്ക് പഞ്ചായത്തുകൾ 176.53 കോടി രൂപയും ജില്ലാ പഞ്ചായത്തുകൾ 228.36 കോടി രൂപയും മുനിസിപ്പാലിറ്റികൾ 121.58 കോടി രൂപയും കോർപ്പറേഷനുകൾ 52 കോടി രൂപയും ചെലവഴിച്ചു. |

സെക്ഷൻ ഓഫീസർ